## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1296 06/02/2020 ൽ മറുപടിയ്ക്ക്**

**<u>സ്കോളർഷിപ്പ് തുക ലഭ്യമാക്കുന്നതിന് നടപടി</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| **ശ്രീ.പി.സി. ജോർജ്** | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് 2017-18 അദ്ധ്യയന വർഷം മുതൽ എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പിന് അർഹത നേടിയ വിദ്യാർത്ഥികൾക്ക് പ്രസ്തുത തുക ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) 2017-18, 2018-19 വർഷങ്ങളിൽ 14 വിദ്യാഭ്യാസ ഉപഡയറക്ടർമാരിൽനിന്നും ലഭിച്ച റിക്വയർമെന്റ് പ്രകാരം എൽ.എസ്.എസ്/യു.എസ്.എസ് സ്കോളർഷിപ്പിന് അർഹത നേടിയ വിദ്യാർത്ഥികൾക്ക് അലോട്ട്മെന്റ് തുക വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. 2019-20 വർഷത്തിൽ സ്കോളർഷിപ്പ് വിതരണത്തിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കുന്നതിനും ആയത് സമയബന്ധിതമായി വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) 2017-18 വർഷം മുതൽ എൽ.എസ്.എസ്/ യു.എസ്.എസ് അർഹത നേടിയ കുട്ടികൾക്ക് 200/-, 300/- രൂപയിൽ നിന്നും യഥാക്രമം 1000/- 1500/- രൂപയായി വർദ്ധിപ്പിച്ച തുക നൽകി വരുന്നു. |
| (സി) സ്കോളർഷിപ്പിന് അർഹത നേടിയ നെയ്യാറ്റിൻകര വിദ്യാഭ്യാസ ജില്ലയിലെ വിദ്യാർത്ഥികൾക്ക് പ്രസ്തുത തുക എന്ന് ലഭ്യമാകുമെന്ന് വെളിപ്പെടുത്താമോ? | (സി) സ്കോളർഷിപ്പ് വിതരണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ